**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ .3169 07-11-2019 -ൽ മറുപടിക്ക്

# ഉരുൾപൊട്ടി വീട് തകർന്നവർക്കുള്ള സഹായം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.ഐ.സി.ബാലകൃഷ്ണൻ | | ഇ.ചന്ദ്രശേഖരൻ (റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| എ) | 2018 ആഗസ്റ്റിലുണ്ടായ മഹാപ്രളയത്തിൽ ഉരുൾപൊട്ടി വീട് തകർന്ന സീതത്തോട്, ചിറ്റാർ പഞ്ചായത്തുകളിലെ മുഴുവൻ കുടുംബങ്ങൾക്കും പുതിയ വീട് വയ്ക്കുന്നതിനുള്ള സഹായം നൽകുന്നതിന് ഡോ. വർഗ്ഗീസ് കുര്യൻ എന്ന പ്രവാസി സന്നദ്ധത പ്രകടിപ്പിച്ചിരുന്നുവോ ;എങ്കിൽ എത്ര കുടുംബങ്ങൾക്കാണ് സഹായം വാഗ്ദാനം ചെയ്തത് ;വിശദമാക്കാമോ; | എ) | 2018 ആഗസ്റ്റിൽ ഉണ്ടായ മഹാപ്രളയത്തിൽ ഉരുൾപൊട്ടി വീട്ട തകർന്ന ചിറ്റാർ, സീതത്തോട് പഞ്ചായത്തുകളിലെ പട്ടയമുള്ള കുടുംബങ്ങൾക്ക് വീട്ട വയ്ക്കുന്നതിന് ഡോ.വർഗ്ഗീസ് കുര്യൻ സന്നദ്ധത പ്രകടിപ്പിച്ചിരുന്നു. സീതത്തോട് പഞ്ചായത്തിൽ 11 പേർക്കും ചിറ്റാർ പഞ്ചായത്തിലെ 7 പേർക്കും സഹായം വാഗ്ദാനം ചെയ്തിട്ടുള്ളതാണ്. |
| ബി) | ആദ്യഗഡുവായി സർക്കാർ ഒരു ലക്ഷം രൂപ നൽകി പണി ആരംഭിക്കുമ്പോൾ ഡോ. വർഗ്ഗീസ് കുര്യന്റെ കമ്പനി മൂന്ന് ലക്ഷം രൂപ നല്കി നിർമ്മാണം പൂർത്തിയാക്കും എന്ന ധാരണ ഉണ്ടാക്കിയിരുന്നോ ; എങ്കിൽ ഇതുപ്രകാരം എത്ര കുടുംബങ്ങൾക്ക് സർക്കാർ വിഹിതമായ ഒരു ലക്ഷം രൂപ വീതം നൽകി ; ഇനി എത്രപേർക്ക് ആദ്യഗഡു നൽകുവാനുണ്ട് വിശദമാക്കാമോ ? | ബി) | ഉണ്ടായിരുന്നു. സർക്കാരുമായുള്ള ധാരണ പ്രകാരം മുഴുവൻ കുടുംബങ്ങൾക്കും (18 കുടുംബം) സർക്കാർ വിഹിതമായ 1 ലക്ഷം രൂപ നൽകിയിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ